# Weekly Devotion -August 2018

## Heart of avarice ( അത്യാഗ്രഹമുള്ള ഹൃദയം)

A selfish or excessive desire for more than is needed or deserved, especially of money wealth, food or other possessions is called greed or avarice.




ഹാവായ് ദ്വീപ് കരിമ്പുകൃഷിയ്ക്ക് കീർത്തികേട്ടതാണ്. ദ്വീപുവാസികളുടെ ഉപജീവനമാർഗ്ഗമാണ് കരിമ്പുകൃഷി. ഒരിക്കൽ പൈതൃകസ്വത്തായി ലഭിച്ച സ്ഥലത്ത് രണ്ട് സഹോദരന്മാർ കരിമ്പ് കൃഷി ചെയ്തു. അത്യാഗ്രഹിയായ അനുജൻ ജ്യേഷ്ഠന്റെ സ്ഥലത്തിന്റെ അതിര് മാറ്റിയിട്ടും മൂത്ത സഹോദരന് അനുജനോട് ദേഷ്യം തോന്നിയില്ല. വിളവെടുപ്പിനു മുൻപ് പോള നീക്കുക എന്ന ശ്രമകരമായ ഒരു ജോലിയുണ്ട്. തന്റെ വിളവിനേക്കാൾ. സമൃദ്ധമായ സഹോദ രന്റെ കരിമ്പിന് അത്യാഗ്രഹിയും അസൂയാലുവുമായ സഹോദരൻ അർദ്ധരാ ത്രിയുടെ മറവിൽ തീ ഇട്ടു. അതിരാവിലെ തന്റെ പ്രവർത്തിയുടെ ഫലം കാണു വാനെത്തിയ അനുജൻ കണ്ടത് പോളമാത്രം കരിഞ്ഞ കരിമ്പിന്റെ വിളവെടുപ്പ് നടത്തുന്ന ജ്യേഷ്ടനെയാണ്. പോളകരിഞ്ഞ് ചാരം വീണ നിലത്തു നിന്ന് അടുത്ത വർഷം വിളവ് ഇരട്ടിയായി ലഭിക്കുകയും ചെയ്തു. അത്യാഗ്രഹവും, അസൂയയും വരുത്തിയ ശിക്ഷ മൂലം അനുജന്റെ കൃഷിനശിച്ചു. എന്നാൽ നന്മ ഉള്ളിലുള്ള ജ്യേഷ്ഠന് അനുഗ്രഹവും ലഭിച്ചു. അത്യാഗ്രഹിയുടെ ഹൃദയ ചിന്ത കൾ എന്തെല്ലാമെന്ന് 2 പത്രോ: (2:14) ൽ വ്യക്തമായി കാണാം.

**അത്യാഗ്രഹമുള്ള ഹൃദയത്തിന്റെ സ്വഭാവ വൈകൃതങ്ങൾ**

1. യഹോവയെ ഇവൻ നിന്ദിക്കുന്നു. (സങ്കീ :10:3)

ദുരാഗ്രഹിയായ വ്യക്തി യഹോവയെ ത്യജിച്ച് നിന്ദിക്കുന്നു. ദുരാഗ്രഹം ഹൃദയത്തിൽ നിറയുമ്പോൾ യഹോവ ഹൃദയത്തിന് പുറത്താകുന്നു. ദുഷ്ടചിന്ത, ഉന്നതഭാവം, ദൈവം ഇല്ല എന്ന ചിന്ത ഇവയാൽ ഹൃദയം നിറയുകയും ചെയ്യുന്നു.

**2. വ്യാജഭാവമുള്ളവരാണിവർ - (യെഹ 33:30-31)**

വ്യാജഭാവത്തോടെ വന്നിരുന്ന് വചനം കേൾക്കും എന്നാൽ ഹൃദയത്തിൽ ദുരാഗ്രഹത്തിന്റെ നിറവുള്ളവരുമാണ് ഇവർ പാറപ്പുറത്തു വീണ വിത്തു പോലെയാണ്

Read മാർക്കോ (4:16,17)

അത്യാഗ്രഹികൾ ശാപഗ്രസ്തരും, ക്ഷണികന്മാരുമാണ്.

3. ഇവർ ദ്രവ്യാഗ്രഹികളാണ് (അപ്പോ:പ്ര 16:19)

വെളിച്ചപ്പാടത്തിയായ സ്ത്രീയുടെ ഭൂതം അവളിൽ നിന്ന് ഇറങ്ങിയത് അവളുടെ മുതലാളിമാർക്ക് സാമ്പത്തിക നഷ്ടം വരുത്തി. വചനം വഹിച്ചവനെ കാണുമ്പോൾ ഭൂതങ്ങൾ വിട്ടുപോകും. ധനനഷ്ടം വന്നവൻ ദൈവമക്കളെ ഉപദ്രവിച്ച് കാരാഗ്രഹത്തിലാക്കി. യഹോവ അവരുടെ നഷ്ടം തന്റെ ലാഭമാക്കി.

Read അപ്പോ :(16:19-34)

മത്താ: (21:33-46) ഇവിടെ അത്യാഗ്രഹികളായ കുടിയാന്മാർ യജമാനൻ അയച്ച ദാസന്മാരെയും ഏകമകനെയും കൊന്ന് അവകാശം പിടിച്ച് വാങ്ങിക്കുവാൻ ശ്രമിക്കുന്നു

**അത്യാഗ്രഹൃദയമുള്ളവന്റെ പ്രവർത്തിയുടെ ഫലങ്ങൾ**

a) പീഢനം സഹിക്കേണ്ടിവരുന്നു - ഉല്പ (31:41)

b) മോഷണം നടത്തുവാൻ പ്രേരിതനാകുന്നു - യോശു: (7:21-25)

c) അനുസരണക്കേട് കാണിക്കുന്നു - 1ശമു : (15:3-9,23)

d) ന്യായരഹിത ഇടപാട് - 1 രാജ (21:2,13)

അത്യാഗ്രഹിയുടെ ഹൃദയ നിരൂപണങ്ങൾ എല്ലായിപ്പാഴും ചതിവുള്ളതായിരിക്കും.

" As long as greed is stronger than compassion there will always be suffering.

അത്യാഗ്രഹിയുടെ ഹൃദയത്തിന് സന്തോഷമില്ല അതിനാൽ അത്യാഗ്രഹം ഉപേക്ഷിക്കുക. ഞെരുക്കത്തിൽ നിന്നും വിടുവിച്ച് വിശാലത തരുന്ന യഹോവയെ വിളിച്ചപേക്ഷിച്ചും, വചനം ധ്യാനിച്ചും ഹൃദയത്തിൽ സന്തോഷമുള്ളവരായിത്തീരുവാൻ ഇന്ന് തന്നെ ദൈവം നിങ്ങളെ സഹായിക്കട്ടെ.

Santhamma Varghese

*Website: www.biblestudy.co.in*
*Email: biblestudy.co.in@gmail.com*
Facebook: https://www.facebook.com/biblestudyind